REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-09-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിൽ 18,530 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾക്കും, വ്യവസായ വികസന പദ്ധതികൾക്കും തുടക്കമിടും.
- ഇന്ന് ശ്രീകൃഷ്ണജയന്തി.ബാലഗോകുലത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വൈകിട്ട് 11,500-ഓളം ശോഭായാത്രകൾ സംഘടിപ്പിക്കും
- സംസ്ഥാനത്ത് ഒരാൾക്കു കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു.
- ഏഷ്യാ കപ്പ് ട്വന്റി-20 പുരുഷ ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.
- വനിതാ ഹോക്കി ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ വൈകിട്ട് ചൈനയെ നേരിടും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിൽ 18,530 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾക്കും, വ്യവസായ വികസന പദ്ധതികൾക്കും തുടക്കമിടും. അടിസ്ഥാന മേഖലാ പദ്ധതികൾക്ക് ഡറാങിൽ പ്രധാനമന്ത്രി തറക്കല്ലിടും. മെഡിക്കൽ കോളജും, നഴ്സിംഗ് കോളജും ഉൾപ്പെടെ ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്ന സ്ഥാപനങ്ങളാണ് ഡറാങിൽ നിർമ്മിക്കുന്നത്. തുടർന്ന് ഗോളാഘട്ടിൽ അസം ബയോ എഥനോൾ നിർമ്മാണ ശാല ഉദ്ഘാടനം ചെയ്യും.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്).......**

ഇന്നലെ ഗോഹട്ടിയിൽ, പ്രശസ്ത ഗായകനും ഭാരത രത്ന പുരസ്കാര ജേതാവുമായ ഭുപെൻ ഹസാരികയുടെ നൂറാം ജന്മവാർഷികാഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുത്തു. ഇന്ത്യയെ ഒന്നിപ്പിക്കാനും, ജനങ്ങളിൽ ഊർജ്ജം പകരാനും വരുംനാളുകളിലും ഭുപെൻ ഹസാരികയുടെ ഗാനങ്ങൾ പ്രചോദനമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഭുപെൻ ഹസാരികയുടെ നൂറാം ജന്മവാർഷികത്തിന്റെ ഭാഗമായി നൂറ് രൂപയുടെ സ്മരണികാ നാണയവും, 21 ഭാഷകളിൽ തയ്യാറാക്കിയ അദ്ദേഹത്തിന്റെ ജീവചരിത്രവും പ്രധാനമന്ത്രി പ്രകാശനം ചെയ്തു.

✪✪✪

കേന്ദ്രഗവൺമെന്റിന്റെ അമൃത് സരോവർ പദ്ധതിയിൽ രാജ്യത്ത് 68,000 ത്തിൽപ്പരം കുളങ്ങൾ നിർമ്മിച്ചതായി ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. 2022 ഏപ്രിലിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. ഓരോ ജില്ലയിലും 75 ജലാശയങ്ങൾ പുനരുജ്ജീവിപ്പിച്ച് അമൃതസരോവരങ്ങളാക്കി മാറ്റുന്ന പദ്ധതിയാണിത്. ദൗത്യത്തിന്റെ സാങ്കേതിക അടിത്തറ ശക്തിപ്പെടുത്താനും അമൃത് സരോവരങ്ങളെ സുസ്ഥിര-സാമൂഹ്യ കേന്ദ്രങ്ങളാക്കാനും ലക്ഷ്യമിട്ട് ഗ്രാമ വികസന മന്ത്രാലയം ഈ ആഴ്ച ഡൽഹിയിൽ ശില്പശാല സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

സംസ്ഥാനങ്ങളിലെയും, കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ലഹരിവിരുദ്ധ കർമ്മസേനാ മേധാവികളുടെ രണ്ടാം ദേശീയ സമ്മേളനം മറ്റന്നാൾ ആഭ്യന്തര മന്ത്രി അമിത്ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയുടെ കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ട് അദ്ദേഹം ചടങ്ങിൽ പ്രകാശനം ചെയ്യും. ഓൺലൈൻ ലഹരി നിർമ്മാർജ്ജന ക്യാമ്പയിന് അമിത്ഷാ തുടക്കമിടുകയും ചെയ്യും.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് സമയപരിധി നാളെ അവസാനിക്കും. റിട്ടേൺ സമർപ്പണത്തിന് കാലതാമസമുണ്ടായാൽ പിഴയും പലിശയും ഈടാക്കും.

✪✪✪

ഇന്ന് ശ്രീകൃഷ്ണജയന്തി. ചിങ്ങത്തിലെ അഷ്ടമി രോഹിണി നാളിലാണ് കേരളത്തിൽ ശ്രീകൃഷ്ണജയന്തി ആഘോഷിക്കുന്നത്. ഭക്തിയിൽ ചാലിച്ച ശ്രീകൃഷ്ണലീലകൾ ഓർമ്മിച്ച് വിശ്വാസികൾ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ പുലർച്ചെ തന്നെ ദർശനം ആരംഭിച്ചു. ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിർമ്മാല്യ ദർശനത്തോടെയാണ് ജയന്തി ആഘോഷങ്ങൾ തുടങ്ങിയത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........(വോയ്സ്).....

ശ്രീകൃഷ്ണ ജയന്തിയുടെ ഭാഗമായി ബാലഗോകുലത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വൈകിട്ട് 11,500-ഓളം ശോഭായാത്രകൾ സംഘടിപ്പിക്കും. രണ്ടരലക്ഷം കുട്ടികൾ കൃഷ്ണവേഷം കെട്ടി ഘോഷയാത്രയിൽ പങ്കെടുക്കും. 'ഗ്രാമം തണലൊരുക്കട്ടെ, ബാല്യം സഫലമാകട്ടെ' എന്നതാണ് ഇത്തവണത്തെ ശ്രീകൃഷ്ണജയന്തി സന്ദേശം.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, കോട്ടയം,ഗുരുവായൂർ, ആറന്മുള തുടങ്ങിയ സ്ഥലങ്ങളിൽ വിപുലമായ ശോഭായാത്ര സംഗമങ്ങളും നടത്തും. ഗോപൂജ, ഗോപികാനൃത്തം, വൃക്ഷപൂജ, സാംസ്കാരിക സംഗമങ്ങൾ, ഉറിയടി തുടങ്ങി വ്യത്യസ്തമായ പരിപാടികളും സംസ്ഥാന വ്യാപകമായി ഒരുക്കിയിട്ടുണ്ട്.

ശോഭയാത്രയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഉച്ചയ്ക്ക് രണ്ടു മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. പ്രധാന റോഡുകളിലും ഇടറോഡുകളിലും വാഹന പാർക്കിംഗ് വിലക്കി.

കോഴിക്കോട്ട് വൈകിട്ട് മൂന്നരയോടെ വെള്ളയിൽ പുതിയകടവ് ഗണപതി ക്ഷേത്രത്തിൽ നിന്ന് ആരംഭിക്കുന്ന ശോഭയാത്ര മുതലക്കുളത്തെ അമ്പാടി എന്ന വേദിയിൽ സമാപിക്കും.

✪✪✪

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ അഷ്ടമിരോഹിണി വള്ള സദ്യ ഇന്ന്. രാവിലെ പത്തരയോടെ മന്ത്രി V.N വാസവൻ ഭദ്രദീപം കൊളുത്തി വള്ളസദ്യ ഉദ്ഘാടനം ചെയ്യും.

പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

........(വോയ്സ്)..................

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് നാളെ തുടക്കമാകും. അന്തരിച്ച മുൻ മുഖ്യമന്ത്രി V.S അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് ആദ്യ ദിവസം സഭ പിരിയും. അടുത്ത മാസം 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ സമ്മേളിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ഒരാൾക്കു കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. തിരുവനന്തപുരം സ്വദേശിയായ പതിനേഴുകാരനാണ് രോഗം ബാധിച്ചത്.

ഇയാളെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ നീന്തൽക്കുളത്തിൽ കുളിച്ചതായി ഇയാൾ അറിയിച്ചതിനെ തുടർന്ന് ആരോഗ്യവകുപ്പ് സ്വിമ്മിങ് പൂൾ അടപ്പിച്ചു. പൂളിലെ വെള്ളത്തിന്റെ സാമ്പിൾ പരിശോധനക്ക് അയച്ചിട്ടുണ്ട്.

✪✪✪

ഇന്ന് ദേശീയ ഹിന്ദി ദിനം. 1949 സെപ്തംബർ 14 ന് ഇന്ത്യയുടെ ഔദ്യോഗിക ഭാഷയായി ഹിന്ദിയെ അംഗീകരിച്ചതിന്റെ ഓർമ്മയ്ക്കാണ് ഹിന്ദി ദിനം ആചരിക്കുന്നത്. ഹിന്ദി: ഐക്യത്തിന്റെയും സാംസ്കാരിക അഭിമാനത്തിന്റെയും ആഗോള ശബ്ദം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

കോഴിക്കോട്ട് രാഷ്ട്ര ഭാഷാ വേദിയുടെ ആഭിമുഖ്യത്തിൽ ഹിന്ദി പക്ഷാചരണ പരിപാടികൾ ഇന്നലെ ആരംഭിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി R.K. ഇരവിൽ പക്ഷാചരണം ഉദ്ഘാടനം ചെയ്തു.

✪✪✪

ഇന്ത്യയിലെ മനോഹര ഗ്രാമങ്ങളിൽ ഒന്നായ കൊല്ലങ്കോടിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. പാലക്കാട്, ഊട്ടറ പാലത്തിന്റെ നിർമാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കൊല്ലങ്കോടേക്ക് കൂടുതൽ സഞ്ചാരികൾ എത്തുന്നത് ടൂറിസം മേഖലയ്ക്ക് വലിയ ഉണർവ് നൽകുമെന്ന് മന്ത്രി പറഞ്ഞു.

തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ ഓരോ ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് കാരമല അഡ്വഞ്ചർ പാർക്ക് ഉദ്ഘാടന ചടങ്ങിൽ മന്ത്രി അറിയിച്ചു.

✪✪✪

സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയ്ക്കായി 25 കോടി 74 ലക്ഷം രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. നേരത്തെ 69 കോടി 23 ലക്ഷം രൂപ നൽകിയിരുന്നു. ബജറ്റിൽ 55 കോടി രൂപ വകയിരുത്തിയ സ്ഥാനത്താണ് 95 കോടിയോളം രൂപ നൽകിയതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഏഷ്യാ കപ്പ് T- 20 പുരുഷ ക്രിക്കറ്റ് ഗ്രൂപ്പ് A യിൽ ഇന്ന് ഇന്ത്യ പാകിസ്ഥാനെ നേരിടും. രാത്രി എട്ടിന് ദുബായിലാണ് മത്സരം. ഈ വർഷം ഫെബ്രുവരിക്ക് ശേഷം ഇരു ടീമുകളും ഇതാദ്യമായാണ് ഏറ്റുമുട്ടുന്നത്.

ഇന്നലെ അബുദാബിയിൽ ഗ്രൂപ്പ് 'B' മത്സരത്തിൽ ശ്രീലങ്ക ബംഗ്ലാദേശിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ന്യൂ ചണ്ഡീഗഡിൽ ഉച്ചയ്ക്ക് 1:30 ന് മത്സരം ആരംഭിക്കും.

✪✪✪

വനിതാ ഹോക്കി ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 5.30ന് ഹാങ്ഷൗവിൽ ആണ് മത്സരം.

ഇന്നലെ അവസാന സൂപ്പർ 4 ൽ ഇന്ത്യ - ജപ്പാൻ മത്സരം 1-1 സമനിലയിൽ പിരിഞ്ഞു. മറ്റൊരു സൂപ്പർ 4 മത്സരത്തിൽ ചൈന , ദക്ഷിണ കൊറിയയെ മറുപടിയില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തി.

✪✪✪

ഇക്കൊല്ലത്തെ ചാമ്പ്യൻസ് ബോട്ട് ക്ലബ് ലീഗിന് ഒരുക്കങ്ങൾ തുടങ്ങി. ആദ്യ മത്സരം അടുത്ത വെള്ളിയാഴ്ച കുട്ടനാട്ടിലെ കൈനകരിയിലാണ്.

ആലപ്പുഴയിൽ നിന്ന് R രവികുമാർ.

......(വോയ്സ്)......

✪✪✪

പാലക്കാട്, കൊഴിഞ്ഞാമ്പാറ കുലുക്കപ്പാറ പുഴയിൽ പൂജാ കർമ്മങ്ങൾക്ക് ഇറങ്ങിയ രണ്ടു പേർ മുങ്ങി മരിച്ചു. കൊഴിഞ്ഞാമ്പാറ സ്വദേശി അസൻ മുഹമ്മദ്, കോയമ്പത്തൂർ സ്വദേശി യുവരാജ് എന്നിവരാണ് മരിച്ചത്. അഗ്നിരക്ഷാ സേന രണ്ടു മൃതദേഹങ്ങളും കണ്ടെടുത്തു.

✪✪✪

പാലായിൽ മീനച്ചിലാറിൽ കുളിക്കാനിറങ്ങിയ രണ്ടു യുവാക്കൾ മുങ്ങിമരിച്ചു. മുരിക്കുംപുഴയ്ക്കു സമീപം തൈങ്ങന്നൂർ കടവിലാണ് വൈകിട്ട് മൂന്നു മണിയോടെ അപകടമുണ്ടായത്. കൂരാലി സ്വദേശി സാബു, കൊണ്ടൂരിലെ ബിബിൻ ബാബു എന്നിവരാണ് മരിച്ചത്. പാലായിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ ജീവനക്കാരാണ് രണ്ടുപേരും.

✪✪✪

കോഴിക്കോട് കോടഞ്ചേരിയിൽ വൈദ്യുതാഘാതമേറ്റ് മരിച്ച രണ്ട് വിദ്യാർത്ഥികളുടെ കുടുംബത്തിന് സംസ്ഥാന ഗവൺമെന്റിന്റെ നഷ്ടപരിഹാരത്തുക കൈമാറി. മന്ത്രി K.കൃഷ്ണൻകുട്ടിയുടെ നിർദ്ദേശ

**പ്രകാരം ലിന്റോ ജോസഫ് MLA യാണ് കോടഞ്ചേരിയിലെ വീട്ടിലെത്തി തുക വിതരണം ചെയ്തത്.**

✪✪✪

**ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ 129-ആം ജന്മവാർഷികത്തിന്റെ ഭാഗമായി പാലക്കാട് കോട്ടായിയിലെ ചെമ്പൈ ഭാഗവതർ വിദ്യാപീഠത്തിൽ സംഗീതോത്സവം ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് K ബിനുമോൾ ഉദ്ഘാടനം ചെയ്തു. കേരളത്തിന് അകത്തെയും പുറത്തേയും നിരവധി കലാപ്രവർത്തകർ സംഗീതോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്.**

✪✪✪

**മഴ കഴിഞ്ഞാൽ വയനാട് ചൂരൽമലയിലെ ബെയ്‌ലിപാലം പ്രദേശവാസികൾക്ക് നിയന്ത്രണങ്ങളോടെ തുറന്നു കൊടുക്കുമെന്ന് ജില്ലാകലക്ടർ DR മേഘശ്രീ അറിയിച്ചു. പ്രിയങ്കാഗാന്ധി MP യുമായി കലക്ട്രേറ്റിൽ ചർച്ച നടത്തിയശേഷമാണ് കലക്ടർ ഇക്കാര്യം അറിയിച്ചത്. മുണ്ടക്കൈ- ചൂരൽമല ഉരുൾപൊട്ടൽ മേഖലയിൽ ഇന്നലെ പ്രിയങ്കാഗാന്ധി സന്ദർശനം നടത്തിയിരുന്നു.**

✪✪✪

**അന്താരാഷ്ട്ര മിലാദ് സമ്മേളനം 'തിരുവസന്തം 1500' സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് E സുലൈമാൻ മുസ്‌ലിയാർ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്തു. കാന്തപുരം AP അബൂബക്കർ മുസ്‌ലിയാർ വാർഷിക പ്രഭാഷണം നടത്തി.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO : ഷീബ*